# entri

## Current affairs 06 Sep 2025

- ഭാവിയിലെ യുദ്ധങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കും, വിവിധ സേനാ വിഭാഗങ്ങൾക്കിടയിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനും, സാങ്കേതികവിദ്യയുടെ ഉപയോഗത്തെക്കുറിച്ച് പഠിക്കാനും ലക്ഷ്യമിട്ടുള്ള 'റാൻ സംവാദ്-2025 (Ran Samvad-2025)' എന്ന ദ്വിദിന സെമിനാറിന് വേദിയായത്
  **ആർമി വാർ കോളേജ്, മധ്യപ്രദേശ്**

---

- ഊർജ്ജ മന്ത്രാലയം പ്രസിദ്ധീകരിച്ച സംസ്ഥാന ഊർജ്ജ കാര്യക്ഷമതാ സൂചിക (SEEI) 2024 പ്രകാരം ഊർജ്ജ കാര്യക്ഷമതയിൽ ഒന്നാമതുള്ള സംസ്ഥാനം
  **മഹാരാഷ്ട്ര**

---

- സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്കുള്ള ആദ്യ സർവകലാശാല ഹോസ്റ്റൽ സജ്ജീകരിച്ചത്
  **എംജി യൂണിവേഴ്സിറ്റി**
  - വേമ്പനാട് എന്നാണ് ഹോസ്റ്റലിന് നൽകിയിരിക്കുന്ന പേര്.

---

- കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം (MoSPI) പുറത്തിറക്കിയ 2023-24 ലെ വ്യവസായങ്ങളുടെ വാർഷിക സർവേ (ASI) പ്രകാരം, നിർമ്മാണ മേഖലയിൽ ഫാക്ടറികളുടെ എണ്ണത്തിലും ജോലി ചെയ്യുന്ന വ്യക്തികളുടെ എണ്ണത്തിലും ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനം
  **തമിഴ്നാട്**
  - സർവേ പ്രകാരം, ഇന്ത്യയിലുടനീളമുള്ള ഫാക്ടറികളിൽ ആകെ 1,95,89,131 പേർ ജോലി ചെയ്യുന്നുണ്ട്, അതിൽ 15.24% തമിഴ്നാടിലാണ്.
  - ഇന്ത്യയിലുടനീളമുള്ള 2,60,061 ഫാക്ടറികളിൽ 15.43% ഉം തമിഴ്നാടിലാണ്.

---

- ജപ്പാൻ സർക്കാരിന്റെ 2025ലെ ഫോറിൻ മിനിസ്റ്റേഴ്സ് കമാൻഡേഷൻ ബഹുമതി ലഭിച്ച മലയാളി ശാസ്ത്രജ്ഞൻ
  **ഡി. ശക്തികുമാർ**











ഡി. ശക്തികുമാർ

4.8 ★ Download the app now | Learn in Malayalam